നമ്പർ: 185/2017

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പ. സഭയിൽ നിലനിന്നിരുന്ന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയിൽ നിന്നും ജൂലൈ മാസം 03-ാം തീയതി ഉണ്ടായ വിധിയെ സംബന്ധിച്ച് നിങ്ങളേവരും അറിഞ്ഞിട്ടുള്ളതാണല്ലോ. ഈ വിധി പരിശുദ്ധ സഭയിൽ സമാധാനം പുന:സ്ഥാപിക്കുന്നതിന് ലഭ്യമായ അവസരമാകയാൽ ഒരു ദൈവാനുഗ്രഹമായി കാണുവാനാണ് നാം ആഗ്രഹിക്കുന്നത്. മലങ്കരസഭാമക്കൾ ഏവരും അപ്രകാരം കരുതും എന്നുതന്നെയാണ് നാം പ്രതീക്ഷിക്കുന്നതും. ഈ വിധിയുടെ പശ്ചാത്തലത്തിൽ ഏതാനും കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുന്നത് യുക്തമെന്ന് നാം കരുതുന്നു.

വാത്സല്യ മക്കളെ,
ബഹു. സുപ്രീംകോടതിയുടെ ഇപ്പോഴുണ്ടായ വിധിയുടെ അടിസ്ഥാനത്തിൽ മലങ്കരസഭാംഗങ്ങൾ ഏവരും ഒന്നായിത്തീരേണ്ടത് അങ്ങേയറ്റം ആവശ്യമാണ്. പരിശുദ്ധ സഭയുടെ മക്കൾ മുഴുവനും ഒരേ വിശ്വാസത്തിന്റെ പൈതൃകം പേറുന്ന കുടുംബാംഗങ്ങൾ തന്നെയാണ്. അതിനാൽ നാമെല്ലാവരും ഈ കോടതി വിധിയുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് ഏകവും വിശുദ്ധവുമായ സഭയുടെ മക്കളായി വർത്തിക്കണമെന്നും ബഹു. സുപ്രീംകോടതി ആവർത്തിച്ചുറപ്പിച്ചതായ സഭാ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പരിശുദ്ധ സഭയിൽ ശാശ്വതസമാധാനം ഉണ്ടാകണമെന്നുമാണ് നമ്മുടെ ആഗ്രഹം. 'കലഹം പിശാചിന്റെ കൗശലമാണ്, സമാധാനം ദൈവത്തിന്റെ ദാനമാണ്'- ഈ വസ്തുത നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ദൈവീകമായ സമാധാനം ഈ പരിശുദ്ധ സഭയിൽ പൂർണ്ണമായും നിലനിൽക്കുവാൻ ദൈവാശ്രയത്തോടും സമചിത്തതയോടുംകൂടെ ദൈവമുമ്പാകെ മുട്ടിപ്പായി പ്രാർത്ഥിക്കണം എന്ന് നാം നിങ്ങളെ പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു. കേസും വഴക്കും സഭയുടെ സാക്ഷ്യത്തിനും പുരോഗതിക്കും എന്നും വിഘാതമാണ്. പ്രശ്നരഹിതമായ സാഹചര്യം സൃഷ്ടിച്ച് സഭാംഗങ്ങളുടെ ആത്മീകവും ഭൗതീകവുമായ പുരോഗതിക്കായി പദ്ധതികൾ ആവിഷ്കരിക്കുകയാണ് ഏറ്റവും കരണീയമെന്ന് നാം കരുതുന്നു. ആയതിനാൽ "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ" എന്ന ദൈവവചനം പ്രാവർത്തികമാക്കുവാനും സമാധാനം പുലരുവാനും നമുക്ക് പ്രാർത്ഥിക്കുകയും ദൈവാശ്രയത്തോടെ ഒത്തുചേർന്ന് പ്രവർത്തിക്കുകയും ചെയ്യാം. നാമേവരും മലങ്കര സഭയുടെ വിശ്വാസം പൂർണ്ണമായി പാലിക്കണമെന്നും ദൈവീകമായ സമാധാനത്തിന്റെ ആത്മാവിൽ നിലകൊള്ളണമെന്നും നാം വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും യൽദോ മാർ ബസേലിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ................

2017 ജൂലൈ മാസം 11-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും
.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**